കവിത

# രാമന്റെ വിലാപം.

വിജയകുമാർ കളരിക്കൽ

സീതെ, നിന്നെ അറിയുന്നു ഞാൻ,
നിന്നിലെ വേനലും
നിന്നിലെ വർഷവും
ശൈത്യവും ഹേമന്ത
നിൻ തപ്തരാഗങ്ങളും
ഞാൻ അറിയുന്നു.

നീ പിറന്നതും,
നീ വളർന്നതും,
പൂവായ് വിടർന്നതും,
പൊൻപരാഗമായ്
വിണ്ണിൽ നിറഞ്ഞതും
എനിക്ക് വേണ്ടിയായിരുന്നു -
കാരണം;
നീ സീതയാണ്,
ഞാൻ രാമനും.
നീ സ്ത്രീയാണ്,
ഞാൻ പുരുഷനും.
നീയും ഞാനുമാണീ
മണ്ണും വിണ്ണും
നക്ഷത്രജാലങ്ങളും
ചന്ദ്രലോകങ്ങളും
സപ്തസ്വരങ്ങളും
മുക്തമോഹങ്ങളും
ആദിയിൽ വചനമായതും,
അന്ത്യം അനന്തമായതും......
എന്നിട്ടും,
ചെങ്കോൽ കയ്യിലമരവെ,
രത്നസിംഹാസനം മുന്നിൽ തിളങ്ങവെ
വിസ്മരിച്ചു നിന്നെ-
കാരണം;
ഞാൻ രാമനായിരുന്നു,
രാമൻ ക്ഷത്രിയനായിരുന്നു,
ക്ഷാത്രമെൻ കർമ്മമായിരുന്നു,
അന്നമായിരുന്നു.

ഞാൻ പിറന്നതും
ഞാൻ വളർന്നതും
എന്റെ ദേഹവും ദാനമായിരുന്നു.
എന്റെ സ്വപ്നങ്ങളു-
മെന്റെ മോഹങ്ങളും
ഞാൻ വളർത്തിയ തത്തയും കൂട്ടിലായിരുന്നു.

തപ്പ് ;
ദശരഥ പുത്രനായതും,
അയോദ്ധ്യ തന്നിൽ വളർന്നതും,
രാജഭോഗങ്ങളും,
ഗോപ്യഭോഗങ്ങളും
നുകർന്ന രസിച്ചതും............

സ്വപ്നം ;
ക്രൗഞ്ചങ്ങളെപ്പോൽ ശൂന്യമാംമാനത്ത്
പാറിക്കളിപ്പാനും
മധുവുണ്ട്, ഫലമുണ്ട് കാനനമദ്ധ്യത്തി-
ലോടിനടപ്പാനും,
കൊക്കുരുമ്മി, ചിറകുരുമ്മി, വിങ്ങും മനസ്സിന്ന്
ചൂടു പകരാനും,
നഗരിപ്പുറങ്ങളിൽ വാഴുന്ന മക്കളിൽ
കാടിന്റെ മക്കളിൽ ഞാൻ കണ്ട,
ജീവന്റെ ഉപ്പും മധുരവും നുകരാനും-
പക്ഷെ,
എന്റെ കിനാവുകൾ
പൂവായ് വിരിഞ്ഞില്ല,
എന്റെ പനംതത്ത വിണ്ണിൽ പറന്നില്ല,
കാരണം;
ഞാൻ രാമനായിരുന്നു,
രാമനെന്നാൽ രാജാവെന്നാകുന്നു.

*@@@@@*